**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2150** **21-06-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിന്റെ പരിധിയിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നടത്തി വരുന്ന പദ്ധതികളുടെ വിശദ വിവരം നൽകാമോ; | (എ) | 26/09/2018 തീയതിയിലെ G.O(Rt) No.2964/2018/H&FWD പ്രകാരം കുണ്ടറ താലൂക്കാശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തികൾക്കായി 76.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി ആണ് നിർവഹണ ഏജൻസി. 23/11/2020ൽ ആരംഭിച്ച പുതിയ 8 നില കെട്ടിടത്തിന്റെ പണി ദ്രുതഗതിയിൽ നടന്നു വരികയാണ്. ബേസ്മെന്റും ഏഴാം നില കെട്ടിടത്തിന്റെ വാർപ്പ്, പ്ലാസ്റ്ററിംഗ് പണികൾ എന്നിവയും പൂർത്തീകരിച്ചിട്ടുള്ളതാണ്. പെയിന്റിംഗ്, ടൈൽ, പ്ലംബിംഗ്, ഇലക്ട്രിക്, ഫയർ വർക്കുകൾ നടന്നു വരുന്നു. കെട്ടിടത്തിന്റെ ഏകദേശം 80 ശതമാനത്തോളം പണി പൂർത്തീകരിച്ചു കഴിഞ്ഞു. കുണ്ടറ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും 7 ഡയാലിസിസ് മെഷീൻ വാങ്ങി നൽകിയിട്ടുണ്ട്.<br><br>ടി ആശുപത്രിയുടെ ലാബ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൾച്ചർ സാമ്പിൾ, ക്യാൻസർ സ്ക്രീനിംഗ് സാമ്പിൾ തുടങ്ങിയവ ഹബ് & സ്പോക്ക് ലാബ് നെറ്റ് വർക്കിംഗ് സംവിധാനത്തിലൂടെ ജില്ലാ ആശുപത്രിയിലെ എ.എം.ആർ. ലാബിലും പി.എച്ച്. ലാബിലും എത്തിച്ച് പരിശോധന നടത്തി റിപ്പോർട്ട് നൽകി വരുന്നു.<br><br>നെടുമ്പന സി.എച്ച്.സി. ബ്ലോക്ക് എഫ്.എച്ച്.സി. ആക്കുന്നതിലേക്കായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആർദ്രം ഒ.പി.ഡി. ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ട സ്ഥാപനത്തിൽ 90 ശതമാനം പണികളും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. എച്ച്.എൽ.എൽ. എന്ന ഏജൻസിയുടെ കീഴിൽ നിർമ്മാണം നടന്നു വരുന്നു. ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തി 45 ൽ പരം |

ടെസ്റ്റുകൾ ലാബിൽ ചെയ്യുന്ന രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്. ജീവിതശൈലീ രോഗനിർണ്ണയ പരിപാടിയായ ശൈലി സർവ്വേയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. NCD റിസ്ക് സ്ക്രീനിംഗ്, ഓറൽ ക്യാൻസർ സ്ക്രീനിംഗ്, ബ്രെസ്റ്റ് ക്യാൻസർ സ്ക്രീനിംഗ് എന്നിവയും അവയുടെ ബോധവൽക്കരണവും നടന്നു വരുന്നു.

പെരിനാട് എഫ്.എച്ച്.സി. യുടെ കീഴിലുള്ള വെള്ളിമൺ സബ് സെന്ററിന് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

പെരിനാട് എഫ്.എച്ച്.സി. ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2021 ജനുവരിയിൽ കുടുബാരോഗ്യ കേന്ദ്രമായി ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. ആർദ്രം മാനദണ്ഡ പ്രകാരമുള്ള ഒ.പി.ഡി. ട്രാൻസ്ഫർമേഷൻ, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയുടെ ഭാഗമായി ലാബ് ഉപകരണങ്ങൾ വാങ്ങി .

ഇളമ്പള്ളൂർ എഫ്.എച്ച്.സി. യിൽ വിശാലമായ ഒ.പി.ഡി. സൗകര്യം, കാത്തിരിപ്പ് കേന്ദ്രം, ബ്രെസ്റ്റ് ഫീഡിംഗ് കൗണ്ടർ, Procedure Roomഎന്നിവ ഉൾപ്പെടുത്തി ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. HbA1C അനലൈസർ, ഹെമറ്റോളജി അനലൈസർ തുടങ്ങിയ ഉപകരണങ്ങൾ ലാബിൽ നൽകിക്കൊണ്ട് രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. 2022-23 ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് 2024 ജൂണിൽ ഹോർമോൺ അനലൈസർ വാങ്ങുകയും 55 ടെസ്റ്റുകൾ ചെയ്യത്തക്ക രീതിയിൽ ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്തു.

ഇളമ്പള്ളൂർ, പെരിനാട്, പേരയം എന്നീ ഫാമിലി ഹെൽത്ത് സെന്ററുകൾക്കനുബന്ധമായി Health & Wellness സെന്റർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ഐസോലേഷൻ വാർഡ്**

കോവിഡ് പോലുള്ള പകർച്ച വ്യാധികളെ പ്രതിരോധിക്കുന്നതിനായി ഓരോ നിയോജക മണ്ഡലത്തിലും തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് എന്ന പദ്ധതിയുടെ ഭാഗമായി കുണ്ടറ നിയോജക മണ്ഡലത്തിലെ നെടുമ്പന സാമൂഹിക ആരോഗ്യ കേന്ദ്രത്തെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുക്കുകയും പ്രസ്തുത

| | | | |
|---|---|---|---|
| | | | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം പൂർത്തിയാക്കി 17.12.2022-ന് ഉദ്ഘാടനം നടത്തുകയും ചെയ്തു. ഐസൊലേഷൻ വാർഡിൽ ഇലക്ട്രിസിറ്റി കണക്ഷൻ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിലുള്ള ആശുപത്രിയിൽ നിന്നും ഐസൊലേഷൻ വാർഡിലേക്കുള്ള വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) | വിവിധ പദ്ധതികൾ പ്രകാരം മണ്ഡലത്തിന്റെ പരിധിയിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ